# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4830 01.07.2013 -ൽ മറുപടിക്ക് ഉണ്ടായിരുന്നത്

പി.എസ്.സി.മാന്വൽ പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, പി. എ. മാധവൻ<br>,, വി. റ്റി. ബൽറാം<br>,, വി. പി. സജീന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| എ) പി.എസ്.സി. മാന്വൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഘടനയേയും പ്രവർത്തനങ്ങളേയും കുറിച്ചും, കാലാകാലങ്ങളിൽ വന്ന സർക്കുലർ/ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ സമഗ്രവും പൂർണ്ണവുമായ നിയമാവലി ഗ്രന്ഥമായിട്ടാണ് മാന്വൽ പരിഷ്കരിക്കുന്നത്. |
| സി) എന്തെല്ലാം പരിഷ്ക്കരണങ്ങളാണ് മാന്വലിൽ വരുത്താനുദ്ദേശിക്കുന്നത്; | (സി) മാന്വലിന്റെ ഭേദഗതി വരുത്തിയ പതിപ്പ് 2005..ലാണ് മുമ്പ് പ്രസിദ്ധീകരിച്ചിരുന്നത്. ആയതിനാൽ കമ്മീഷന്റെ റിക്രൂട്ട്മെന്റുകളെക്കുറിച്ചും, കമ്മീഷന്റെ ഘടന, വിവിധ ഓഫീസ്, സെക്ഷനുകൾ എന്നിവയെക്കുറിച്ചും 2005..നു ശേഷം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ/ ഉത്തരവുകളെല്ലാം നിലവിലുള്ള നിയമങ്ങളിൽ ഭേദഗതികളോടൊപ്പം ചേർക്കുകയും പുതിയ നിയമങ്ങൾ ചേർക്കുകയും ചെയ്താണ് പരിഷ്കരിച്ച മാന്വൽ പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്. |

ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**(ഡി)** പി.എസ്.സി. മാന്വൽ പരിഷ്കരിക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിക്കുകയും വിവിധ സെക്ഷനുകളിൽ/മുതിർന്ന ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് കരട് മാന്വൽ മേയ് മാസത്തിൽ കൂടുതൽ നിർദ്ദേശങ്ങൾ കൂട്ടിയോജിപ്പിച്ച് കമ്മീഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതികൾ വരുത്തി മാന്വൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ജോലികൾ പൂർത്തിയാക്കിവരുന്നു.

സെക്ഷൻ ഓഫീസർ